പ്രിയപ്പെട്ടവരെ,

നസ്രത്ത് ജനറലേറ്റിൽനിന്നും സ്നേഹാശംസകൾ !!

നിങ്ങളേവരും സുഖമായിരിക്കുന്നു എന്നു കരുതുന്നു. നമ്മുടെ ബ. അമ്മ സർക്കുലർ വഴി ആഹ്വാനം ചെയ്തിരുന്നതനുസരിച്ച് ജലപ്രളയത്തിന്റെയും പ്രകൃതി ക്ഷോഭത്തിന്റെയും ക്ഷീണം മാറ്റാൻ പാടുപെടുന്ന നമ്മുടെ നാടിന്റെ പ്രത്യേക സാഹചര്യത്തിൽ നമ്മുടെ തിരുന്നാളുകൾ ഏറ്റവും ലളിതമായിരിക്കുവാൻ

നമ്മൾ ശ്രദ്ധിക്കുകയാണ്. അങ്ങനെ ആഘോഷാരവങ്ങളില്ലാതെ നസ്രത്തിലെ ഒരുമയും സ്നേഹവും പങ്കുവയ്ക്കുവാൻ നമ്മുടെ അമ്മയുടെ നാമഹേതുകത്തിരുന്നാൾ ആഗതമായിരിക്കുന്നു. വി. ചാൾസ് ബൊറോമിയോയുടെ പ്രത്യക മാദ്ധ്യസ്ഥ്യം തേടി, ദൈവപരിപാലനയിൽ ആശ്രയിച്ച് സധൈര്യം നസ്രത്തുമക്കളെ  മുന്നോട്ടു നയിക്കുന്ന അമ്മയ്ക്കു വേണ്ടി പ്രാർത്ഥിക്കുവാനും സ്നേഹാദരവുകളും പിന്തുണയും അറിയിക്കുവാനും ദൈവം നൽകുന്ന ഒരു സുവർണ്ണാവസരം! ലളിതമെങ്കിലും ചൈതന്യത്തിൽ കുറവില്ലാതെ നമുക്ക് ഈ ദിനം മനോഹരമാക്കാം.

നവംബർ 3-ാം തിയതി ശനിയാഴ്ച രാവിലെ 11 മണിക്ക് ജനറലേറ്റു ഭവനത്തിൽ നടക്കുന്ന വി.ബലിയിലും തുടർന്നുള്ള സ്നേഹവിരുന്നിലും പങ്കെടുക്കുവാൻ നിങ്ങളേവരേയും സസന്തോഷം സ്വാഗതം ചെയ്യുന്നു.

എല്ലാവരുടേയും സാന്നിധ്യസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്,

സി. ലത സി. എസ്. എൻ
അസി. സുപ്പീരിയർ ജനറൽ

16/10/2018
ആലുവ